(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന ഓപ്പൺ മാർക്കറ്റിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള നിബന്ധനകൾ

1 [3863] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എ. സുജനപാൽ:
„ എം എം. ഹസ്സൻ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് നൽകിയിരുന്ന പദ്ധതി സഹായത്തിന്റെ 70% കേന്ദ്ര വായ്പ എന്നതിനുപകരം സംസ്ഥാനങ്ങൾ ഓപ്പൺ മാർക്കറ്റിൽ നിന്നും വായ്പയെടുക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്തിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്ന് ലഭിച്ചിരുന്ന പദ്ധതി വായ്പയുടെ പലിശ എത്രയായിരുന്നു;

(സി) അതിന്റെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാന ഓപ്പൺ മാർക്കറ്റിൽ നിന്നും വായ്പയെടുക്കുന്നതിന് വേണ്ടിവരുന്ന പലിശയെത്രയാണ്;

(ഇ) എത്ര വർഷത്തിനു ശേഷമാണ് മുതലും പലിശയും തിരിച്ചടയ്ക്കേണ്ടത്;

(എഫ്) കേന്ദ്രത്തിൽ നിന്നും കിട്ടുന്ന 1000 കോടിയുടെ പദ്ധതി വായ്പ പലിശയുൾപ്പെടെ അടച്ചു തീർക്കുവാൻ എന്തു തുക വേണം;

(ജി) സംസ്ഥാനം ഇതേ തുക ഓപ്പൺ മാർക്കറ്റിൽ നിന്ന് വായ്പയെടുത്താൽ അത് തിരിച്ചടയ്ക്കുന്നതിന് മുതലും പലിശയും ഇനത്തിൽ എത്ര തുക വേണ്ടിവരും;

(എച്ച്) കേന്ദ്ര വായ്പയും ഓപ്പൺ മാർക്കറ്റിൽ നിന്നുള്ള വായ്പയും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എല്ലാ സംസ്ഥാനങ്ങളും ഒരുമിച്ച് ഓപ്പൺമാർക്കറ്റിൽ നിന്നും കടമെടുക്കാൻ ശ്രമിച്ചാൽ ചില സംസ്ഥാനങ്ങൾക്കെങ്കിലും പ്രയാസം ഉണ്ടാവാൻ സാധ്യതയുണ്ട്.

GPM. 2/257/2012.—8

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ 9% പലിശ നിരക്കിലാണ് കേന്ദ്രത്തിൽ നിന്നും പദ്ധതി വായ്പ ലഭിക്കുന്നത്.

(സി) വായ്പ തുകയുടെ പകുതി 20 വാർഷിക തവണകളായും ബാക്കി പകുതി തുക 6 വർഷത്തെ മൊറോട്ടോറിയത്തിനുശേഷം 15 വാർഷിക തവണകളായും പലിശയടക്കം തിരിച്ചടയ്ക്കേണ്ടതുണ്ട്.

(ഡി) ഓപ്പൺ മാർക്കറ്റിൽ നിന്നുള്ള വായ്പകളുടെ പലിശ നിരക്ക് 2004-2005 സാമ്പത്തിക വർഷം 7.17% മുതൽ 5.60% വരെയാണ്.

(ഇ) വായ്പകളുടെ കാലാവധി സാധാരണ 9 വർഷം മുതൽ 12 വർഷം വരെയാണ്. ഈ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് മുതൽ തിരിച്ചു നൽകേണ്ടതും പലിശ അർദ്ധവാർഷിക ഗഡുക്കളായി നൽകേണ്ടതുമാണ്.

(എഫ്) 1000 കോടി രൂപയുടെ പദ്ധതി വായ്പ തിരിച്ചടയ്ക്കാൻ പലിശയുൾപ്പെടെ 2057.53 കോടി രൂപ (ഇപ്പോഴത്തെ പലിശ നിരക്കിൽ) വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ജി) 1000 കോടി രൂപ ഓപ്പൺ മാർക്കറ്റിൽ നിന്ന് വായ്പയെടുത്താൽ 10 വർഷം കൊണ്ട് തിരിച്ചടയ്ക്കുകയാണെങ്കിൽ പലിശ താഴെ പറയും പ്രകാരമാണ് (2004-2005-ന്റെ ആവറേജ് വച്ച് കണക്കാക്കിയാൽ) പലിശ 6.39 X 10000000000 X 10 = 639 കോടി രൂപ, മുതൽ = 1000 കോടി രൂപ, ആകെ = 1639 കോടി രൂപ.

(എച്ച്) ഓപ്പൺ മാർക്കറ്റ് ലോൺ RBI മുഖേന മാർക്കറ്റിൽ നിന്നും Tap issue വഴിയോ auction മുഖേനയോ വികസന ആവശ്യങ്ങൾക്ക് എടുക്കുന്ന വായ്പകളാണ്. കേന്ദ്ര വായ്പ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകുന്ന വായ്പകളാണ്. കേന്ദ്ര വായ്പ തിരിച്ചടവിനുള്ള കാലാവധി താരതമ്യേന കൂടുതലാണ്.

സംസ്ഥാന ബാങ്കുകളിലെ നിക്ഷേപത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് പോയ തുക

2 [3864] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
„ *ഡി. സുഗതൻ:*
„ *ഇ. എം. അഗസ്തി:*
„ *വി. ഡി. സതീശൻ:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ബാങ്കുകൾക്കുലഭിക്കുന്ന നിക്ഷേപം മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly